# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ- 488 27.09.2011-ൽ മറുപടിക്ക്

## നെയ്യാറ്റിൻകര മണ്ഡലത്തിലെ സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കായിക വിനോദം പ്രോൽസാഹിപ്പിയ്ക്കുന്നതിന് കളിസ്ഥലം ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്; |
| (ബി) നെയ്യാറ്റിൻകര മുനിസിപ്പൽ ആസ്ഥാനവും താലൂക്ക് ആസ്ഥാനവും സ്ഥിതിചെയ്യുന്ന നെയ്യാറ്റിൻകര മണ്ഡലത്തിൽ പൊളിഞ്ഞുകിടക്കുന്ന ഒരു ചെറിയ സ്റ്റേഡിയം പുനരുദ്ധരിച്ച് ഉന്നത നിലവാരം പുലർത്തുന്ന ഒരു സ്റ്റേഡിയമായി പണിയുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുമോ? | (ബി) കളിസ്ഥലവികസനത്തിനും പുനരുദ്ധാരണത്തിനുമായി ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ആവശ്യമായ രേഖകൾ സഹിതം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ